# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/86/2018 2018 ഏപ്രിൽ 25

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

മൂന്നാം വർഷ ബി.ഫാം (സപ്ലിമെൻററി) പരീക്ഷ മെയ് 18 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 5 വരെയും സ്വീകരിക്കും. പേപ്പർ ഒന്നിന് 20 രൂപ വീതം സി.വി ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി (2016 അഡ്മിഷൻ സപ്ലിമെൻററി - ഡിപ്പാർട്ട്മെൻറ് മാത്രം, 2017 അഡ്മിഷൻ റഗുലർ/2009–2016അഡ്മിഷൻ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളേജ് ആൻറ് ഡിപ്പർട്ട്മെൻറ്) പരീക്ഷ മെയ് 16 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 30 വരെയും 50 രൂപ പിഴയോടെ മെയ് 2 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 4 വരെയും സ്വീകരിക്കും.

**രണ്ടാം സെമസ്റ്റർ യു.ജി**

രണ്ടാം സെമസ്റ്റർ യു.ജി (സി.ബി.സി.എസ് - പുതിയ സ്കീം റഗുലർ–2017 അഡ്മിഷൻ,സി.ബി.സി.എസ്.എസ്–2013 മുതൽ 2016 വരെ അഡ്മിഷൻ റീ–അപ്പിയറൻസ്) പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴയില്ലാതെ മെയ് 4 വരെയും 50 രൂപ പിഴയോടെ 5 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 8 വരെയും സ്വീകരിക്കും.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.പി.എഡ് (റഗുലർ/സപ്ലിമെൻററി) പരീക്ഷയുടെ വൈവാവോസി ഏപ്രിൽ 30 ന് രാവിലെ 9.30 മുതൽ മൂലമറ്റം സെൻറ് ജോസഫ്സ് അക്കാഡമി ഓഫ് ഹയർ എഡ്യുക്കേഷൻ ആൻറ് റിസേർച്ചിൽ നടത്തും. ടൈംടെബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

2018 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടത്തിയ ആറും നാലും സെമസ്റ്റർ ബി.എ (സിബി.സി.എസ്.എസ് റഗുലർ/സപ്ലിമെൻററി) കഥകളി–വേഷം,മ്യൂസിക്–വീണ പ്രാക്ടിക്കൽ പരീക്ഷകൾ മെയ്2 മുതൽ 5 വരെയും കഥകളി– ചെണ്ട, മദ്ദളം, മ്യൂസിക് – വയലിൻ പ്രാക്ടിക്കൽ മെയ് 7 മുതൽ 12 വരെയും ആർ.എൽ.വി കോളേജിൽ വെച്ച് നടത്തും. വിശദമായ ടൈംടെബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽതോട്ടിൽ ബി.ബി.എ.എൽ.എൽ.ബി പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽതോട്ട് നടത്തുന്ന പഞ്ചവത്സര ബി.ബി.എ.എൽ.എൽ.ബി കോഴ്സിന് ഏപ്രിൽ 30 വരെ അപേക്ഷ സ്വീകരിക്കും. 50 % മാർക്കോടെയുള്ള അംഗീകൃത ഹയർ സെക്കൻഡറി/ പ്ലസ് 2 ആണ് യോഗ്യത. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 45 % മാർക്ക് മതിയാകും. അവസാന വർഷ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ജൂലൈ 1 ന് 20 വയസ് തികയാൻ പാടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 21 വയസ്. വിശദവിവരങ്ങളും അപേക്ഷാഫോമും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂലൈ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എച്ച്.ആർ.എം (റഗുലർ/സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 7 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ (സോഷ്യൽ വർക്ക്) പരീക്ഷയുടെ

ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 2 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**